**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് - ടെക്നോപാർക്കിലെ തേജസ്വിനി ബിൽഡിംഗിന്റെ വസ്തു നികുതി പുനർനിർണ്ണയവുമായി ബന്ധപ്പെട്ട വിഷയത്തിൽ അന്വേഷണം നടത്തുന്നതിലേക്കായി നഗരകാര്യ ജോയിന്റ് ഡയറക്ടർ ശ്രീ. ബി.കെ.ബലരാജിനെ അന്വേഷണ ഉദ്യോഗസ്ഥനായി നിയമിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

==========================================================================

**തദ്ദേശ സ്വയം ഭരണ (ഇ.എം.) വകുപ്പ്**

സ.ഉ.(സാധാ) നം. 2553/2017/തസ്വഭവ തിരുവനന്തപുരം, തീയതി, 24.07.2017.

==========================================================================

പരാമർശം:- 22.06.2017-ലെ തിരുവനന്തപുരം മേയറുടെ സി1-191290/10 നമ്പർ കത്ത്.

**ഉത്തരവ്**

തിരുവനന്തപുരം നഗരസഭ ആറ്റിപ്ര മേഖല ഓഫീസ് പരിധിയിൽ വരുന്ന ടെക്നോപാർക്കിലെ തേജസ്വിനി ബിൽഡിംഗിന്റെ വസ്തു നികുതി പുനർനിർണ്ണയവുമായി ബന്ധപ്പെട്ട നികുതി നിരക്ക് കുറച്ച് നൽകിയത് വഴി, നികുതി അപ്പീൽകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സൻ, സെക്ഷൻ ക്ലാർക്ക് ശ്രീ. കെ.ആർ.മോഹനൻ നായർ എന്നിവർ നഗരസഭക്ക് ഭീമമായ നഷ്ടം വരുത്തിവച്ചുവെന്നും ഇവർക്കെതിരെ നടപടി സ്വീകരിക്കണമെന്നും തിരുവനന്തപുരം മേയർ പരാമർശം കത്ത് പ്രകാരം ആവശ്യപ്പെട്ടിരുന്നു.

2. സർക്കാർ ഇക്കാര്യം പരിശോധിച്ചു. പ്രസ്തുത വിഷയത്തിൽ അന്വേഷണം നടത്തി 10 ദിവസത്തിനുള്ളിൽ റിപ്പോർട്ട് സമർപ്പിക്കുന്നതിലേക്കായി നഗരകാര്യ ജോയിന്റ് ഡയറക്ടർ ശ്രീ.ബി.കെ.ബലരാജിനെ അന്വേഷണ ഉദ്യോഗസ്ഥനായി നിയമിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

എ.ഷാജഹാൻ

സെക്രട്ടറി

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.
ശ്രീ. ബി.കെ. ബൽരാജ്, നഗരകാര്യ ജോയിന്റ് ഡയറക്ടർ, തിരുവനന്തപുരം.
മേയർ, തിരുവനന്തപുരം മുനിസിപ്പൽ കോർപ്പറേഷൻ.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ (തദ്ദേശസ്വയംഭരണ വകുപ്പ് വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
തദ്ദേശസ്വയംഭരണ (ഇ.യു) വകുപ്പ്
ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് (വെബ് & ന്യൂ മീഡിയ) വകുപ്പ്
കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

96